# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1191** **05.03.2018-ൽ മറുപടിയ്ക്ക്**

## <u>കൊണ്ടോട്ടിയിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യമാർക്കറ്റുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | എ) ദേശീയ മത്സ്യവികസന ബോർഡ്/ കേന്ദ്ര സർക്കാർ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനിക വൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ അനുമതി നൽകിയതും എന്നാൽ പൂർത്തീകരിക്കാതിരുന്നതുമായ മാർക്കറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു. ഇത്തരത്തിലുള്ള 37 മത്സ്യമാർക്കറ്റുകളിൽ 34 എണ്ണം പൂർത്തീകരിക്കുകയും 3 മാർക്കറ്റുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്. കൊല്ലം ജില്ലയിലെ കരിക്കോട്, മയ്യനാട് മാർക്കറ്റുകളുടെ നവീകരണത്തിനായി ഭരണാനുമതി നൽകുകയും കരിക്കോട് മാർക്കറ്റിന്റെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ കണ്ണനല്ലൂർ, എനാത്ത് മാർക്കറ്റുകളുടെ നവീകരണത്തിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>ആലപ്പുഴ ജില്ലയിലെ അരൂർ മാർക്കറ്റിന്റെ നവീകരണത്തിനായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| ബി) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് കിഫ്ബിയിൽ പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>സി) കൊണ്ടോട്ടിയിലെ മത്സ്യമാർക്കറ്റ് നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>ഡി) ഇതിനായി തയ്യാറാക്കിയ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | ബി), സി) & ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തി 600 കോടി രൂപയിൽ അധികരിക്കാതെയും പദ്ധതി ഘടകങ്ങളിൽ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം, മത്സ്യമാർക്കറ്റുകളുടെ ആധുനികവത്ക്കരണം എന്നിവയ്ക്കായി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. അതിൽ കൊണ്ടോട്ടി മത്സ്യമാർക്കറ്റിന്റെ ആധുനികവത്ക്കരണവും ഉൾപ്പെടുന്നുണ്ട്. |

**സെക്ഷൻ ആഫീസർ**